## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3657 — 20.06.2018 ൽ മറുപടിയ്ക്ക്

### റേഷൻ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) റേഷൻ സാധനങ്ങൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഓരോ താലൂക്ക് സപ്ലൈ ആഫീസുകളോടും ചേർന്ന് എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത്; | (എ) റേഷൻ ഭക്ഷ്യധാന്യങ്ങൾ സംഭരണം നടത്തുന്നതിനും വിതരണം ചെയ്യുന്നതിനുമായി എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയും, എഫ്.സി.ഐ യിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് കാര്യക്ഷമമായി വിതരണം നടത്തിയും വരുന്നു . |
| (ബി) ഈ റേഷൻ സാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും സൂക്ഷിക്കുന്ന ഗോഡൗണുകൾ പലതും മതിയായ വൃത്തിയിൽ സൂക്ഷിക്കാത്തതാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(സി) മതിയായ ശുചിത്വം പാലിക്കാത്ത ഗോഡൗണുകൾ അടച്ചുപൂട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും പി.ഡി.എസ് ഡിപ്പോകളിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായി അട്ടിയിട്ട് സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില ഗോഡൗണുകളിലെ സ്ഥലപരിമിതിയും എഫ്.സി.ഐ യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്ന ചാക്കുകളുടെ പഴക്കം മൂലം ചാക്ക് പൊട്ടി ഭക്ഷ്യധാന്യങ്ങൾ നഷ്ടപ്പെട്ട് പോകുന്ന സാഹചര്യവും ഉണ്ടാകാറുണ്ട്. ഓരോ താലൂക്കിന്റെയും 3 മാസത്തെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ഒരു ഗോഡൗൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഓരോ താലൂക്ക് സപ്ലൈ ആഫീസുകളോടും ചേർന്ന് സ്വന്തമായി ഗോഡൗൺ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എത്ര സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ? | (ഡി) വലിയതുറ (തിരുവനന്തപുരം ), കൊല്ലം, തിരുവല്ല, കല്ലുഗോഡൗൺ (കൊച്ചി) എന്നിവിടങ്ങളിൽ സ്വന്തം ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ